വേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എസ്റ്റിമേറ്റ് ആഗസ്റ്റ് 2003-ൽ പൂർത്തിയാക്കി. സെപ്തംബർ 2003-ൽ സാങ്കേതിക അനുമതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. കൂടൽ-ഏനാദിമംഗലം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിനുശേഷം ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി

56 (2334) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലിയാർ പുഴയിൽ സ്ഥാപിച്ചിട്ടുള്ള റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ബി) ചെറുപുഴ-പുന്നാർപുഴ എന്നീ പുഴകളിലേക്ക് വെള്ളം തിരിച്ചു വിടാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ സ്ഥാപിച്ചിട്ടുള്ള റഗുലേറ്റർ-കം-ബ്രിഡ്ജ് (കവണക്കല്ല റഗുലേറ്റർ-കം-ബ്രിഡ്ജ്) 2001-ൽ കമ്മീഷൻ ചെയ്തു.

(ബി) ചെറുപുഴ, പുന്നാർപുഴ എന്നീ പുഴകളിലേക്ക് വെള്ളം തിരിച്ചു വിടാൻ ഈ പദ്ധതികൊണ്ട് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ അടച്ചുകഴിഞ്ഞാൽ ഏകദേശം പത്തു കിലോമീറ്ററോളം ചെറുപുഴയിലും ചാലിയാർ പുഴയിലും ജലവിതാനം ഉയർത്തി കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് വെള്ളം സംഭരിക്കാൻ കഴിയുന്നതാണ്.

(സി) ബാധകമല്ല.

കല്ലട ജലസേചന പദ്ധതിയിൽ കരാറുകാർ അനധികൃതമായി തട്ടിയെടുത്ത തുക

57 (2335) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതിയിൽ കരാറുകാർ അനധികൃതമായി ആർബിട്രേഷൻ വഴി തട്ടിയെടുത്ത തുക തിരികെ പിടിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ ;

(ബി) എങ്കിൽ കരാറുകാർ തട്ടിയെടുത്ത തുക തിരികെ പിടിച്ചോ ; എന്തു തുക തിരികെ പിടിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly